പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3326

14.03.2018 ൽ മറുപടിക്ക്

## പരപ്പനങ്ങാടി ഗവ. ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഗവ. ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള എല്ലാ സൗകര്യങ്ങളും നിലവിലുണ്ടെങ്കിലും നാളിതുവരെയും അത് അനുവദിക്കാതിരുന്നതിനുള്ള കാരണം എന്താണ്; | (എ) | പരപ്പനങ്ങാടി (ചാപ്പപ്പടി) ഫിഷറീസ് ആശുപത്രി എന്ന സ്ഥാപനം പഞ്ചായത്ത് നിർമ്മിച്ചതും തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ചതുമായ രണ്ട് കെട്ടിടങ്ങളാണ് നിലവിൽ ഉള്ളത്. ഈ സ്ഥാപനത്തിൽ നിന്ന് 3 കി.മീ.അകലെയായി എല്ലാ സൗകര്യങ്ങളോടു കൂടിയ കിടത്തി ചികിത്സയുള്ള നെടുവ സി.എച്ച്.സി.യും, 9 കി.മീ.അകലെയായി താലൂക്ക് ആശുപത്രി തിരൂരങ്ങാടിയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി പ്രവർത്തിച്ചു വരുന്നു. തീരദേശ വികസന കോർപ്പറേഷൻ ഈ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കായി നിർമ്മിച്ച കെട്ടിടം നഗരസഭയ്ക്ക് കൈമാറിയെങ്കിലും ഇതുവരെ ടി കെട്ടിടം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരമുള്ള നടപടിക്രമം പൂർത്തീകരിച്ച് സർക്കാരിന്റെ പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.<br><br>എല്ലാ സർക്കാർ ആശുപത്രികളിലും കിടത്തി ചികിത്സ ഏർപ്പെടുത്തുന്നതിന് പകരം നിശ്ചിത മാനദണ്ഡങ്ങളോടെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തസ്തികകളും സൃഷ്ടിച്ച് രോഗികൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതിനായി സർക്കാർ ആവിഷ്കരിച്ച "ആർദ്രം" പദ്ധതി പൂർണ്ണമായി വരുന്നതോടെ പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ രോഗി സൗഹൃദ സംവിധാനങ്ങളും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങളും ലഭ്യമാക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് എം. എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ ഏതെല്ലാം തീയതികളിൽ സ്വീകരിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഇതു സംബന്ധിച്ച നിവേദനത്തിന്മേലുള്ള റിപ്പോർട്ടിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ